# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2440

23.01.2014-ലെ
മറുപടിയ്ക്ക്

## റാന്നിയിലെ റബ്ബർ പാർക്കിന്റെ നിർമ്മാണം

**ചോദ്യം**

ശ്രീ. രാജു എബ്രഹാം

**മറുപടി**

ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

എ) റാന്നിയിൽ നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ച കേരളത്തിലെ രണ്ടാമത്തെ റബ്ബർപാർക്കിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

ബി) റബ്ബർ പാർക്കിന്റെ നിർമ്മാണത്തിനായി എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുക്കാനായി ഉദ്ദേശിച്ചിരുന്നത്; ഇതിനായി പത്തനംതിട്ട ജില്ലാകളക്ടർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

സി) ഇതിൽ അനുയോജ്യമായ സ്ഥലം ഏതെന്ന് നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ട് എന്ന് വിശദമാക്കാമോ;

ഡി) വ്യാവസായിക ഭൂപടത്തിൽ ഇടമില്ലാതിരിക്കുന്ന റാന്നിക്കും പത്തനംതിട്ട ജില്ലയ്ക്കും ഗുണം ചെയ്യുന്ന ഈ പദ്ധതി നടപ്പിലാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ) റാന്നിയിൽ ഒരു റബ്ബർപാർക്ക് സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഭൂമി ഇതുവരെ കണ്ടെത്താനായിട്ടില്ല.

(ബി)യും (സി)യും (ഡി)യും

റബ്ബർപാർക്ക് സ്ഥാപിക്കുന്നതിലേയ്ക്കുവേണ്ടി പത്തനംതിട്ട ജില്ലാകളക്ടർ റാന്നി താലൂക്കിലെ വിവിധ ഭാഗങ്ങളിൽപ്പെട്ട 6 സ്ഥലങ്ങൾ പരിശോധിക്കുകയും കിൻഫ്രയുടെ സാങ്കേതിക വിഭാഗം കൺസൾട്ടൻസി സ്ഥാപനമായ കിറ്റ്കോയുമായി ചേർന്ന് മേൽപ്പറഞ്ഞ സ്ഥലങ്ങൾ പരിശോധിച്ചതിനുശേഷം അതിൽ ഏറ്റവും അനുയോജ്യമായ റാന്നി താലൂക്കിലെ പെരുനാട് വില്ലേജിലെ മണക്കയത്തുള്ള 250 ഏക്കർ ഭൂമി കണ്ടെത്തി അതിന്മേലുള്ള തുടർനടപടികൾ ആരംഭിക്കുകയുമുണ്ടായി. ടി ഭൂമിയുടെ ഉടമസ്ഥതയുടെ ആധികാരികത സംശയാസ്പദമാണെന്ന് കണ്ടെത്തുകയും, ആയതിനാൽ അനുയോജ്യമായ വേറെ സ്ഥലം കണ്ടെത്തുന്നതിന് ജില്ലാകളക്ടർ റാന്നി തഹസിൽദാരെ ചുമതലപ്പെടുത്തുകയും ചെയ്തു. ലാൻഡ് അക്വിസിഷൻ നടപടികളുടെ പ്രാരംഭമായി സ്വീകരിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച് റവന്യൂവകുപ്പ് 15.11.2011-ൽ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളുടെയും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള കിൻഫ്ര ബോർഡ് 28.10.11-ൽ തീരുമാനിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ, റാന്നി തഹസിൽദാർ പെരുനാട് വില്ലേജിൽ കവനാൽ, കരിമ്പനാൽ എന്നീ എസ്റ്റേറ്റുകളിൽ കണ്ടെത്തിയ 250 ഏക്കർ ഭൂമിയ്ക്കുപുറമേ രണ്ട് സ്ഥലം കൂടി പരിശോധനയ്ക്ക് വിധേയമാക്കി പ്രസ്തുത ഭൂമികളുടെ വില കണക്കാക്കി ലാൻഡ് അക്വിസിഷൻ ഹൈലെവൽ കമ്മിറ്റിയുടെ പരിശോധനയ്ക്ക് സമർപ്പിക്കാൻ തരത്തിൽ ഒരു വിശദമായ റിപ്പോർട്ട് നൽകാനായി ജില്ലാകളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ, കവനാൽ എസ്റ്റേറ്റിന്റെ ചില ഭൂമിയുടെ ഉടമസ്ഥതയെ സംബന്ധിച്ച് കമ്പനി ലിക്വിഡേറ്ററുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിയമ തടസ്സമുണ്ടോ എന്നും വ്യക്തമാക്കാൻ ജില്ലകളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാകളക്ടറുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം അതു പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(signature)

സെക്ഷൻ ഓഫീസർ